**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1847** **09-12-2022 - ൽ മറുപടിയ്ക്ക്**

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷക കടാശ്വാസ കമ്മീഷൻ നിലവിൽ കടാശ്വാസത്തിനായി പരിഗണിക്കുന്ന വായ്പ തീയതി എന്നു വരെ ഉള്ളവർക്കാണ്; വ്യക്തമാക്കുമോ; | (എ) | ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് പരമാവധി 2 ലക്ഷം രൂപ നിലവിൽ കടാശ്വാസം അനുവദിച്ചു വരുന്നുണ്ട്. പ്രസ്തുത തീയതികൾ ഇടുക്കി, വയനാട് ജില്ലകളിൽ 2020 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2016 മാർച്ച് 31 വരെയും കൂടി ദീർഘിപ്പിച്ചുകൊണ്ട് നിലവിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | 2018-ലും തുടർന്നുള്ള വർഷങ്ങളിലും ഉണ്ടായ പ്രളയക്കെടുതി കൂടി പരിഗണിച്ചുകൊണ്ട് കടാശ്വാസത്തിനായി പരിഗണിക്കുന്ന വായ്പ തീയതി 2020 ഡിസംബർ 31 വരെ ഉയർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | ഇടുക്കി, വയനാട് ജില്ലകളിൽ 2018 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2014 മാർച്ച് 31 വരെയും കർഷകർ സഹകരണ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് പരമാവധി 2 ലക്ഷം രൂപ നിലവിൽ കടാശ്വാസം അനുവദിച്ചു വരുന്നുണ്ട്. പ്രസ്തുത തീയതികൾ ഇടുക്കി, വയനാട് ജില്ലകളിൽ 2020 ആഗസ്റ്റ് 31 വരെയും മറ്റ് ജില്ലകളിൽ 2016 മാർച്ച് 31 വരെയും കൂടി ദീർഘിപ്പിച്ചുകൊണ്ട് നിലവിൽ സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | നാഷണലൈസ്ഡ് ബാങ്കിൽ നിന്നും കാർഷിക കടങ്ങൾ എടുത്തിട്ടുള്ള കർഷകർക്ക് കടാശ്വാസ കമ്മീഷൻ മുഖേന സഹായം അനുവദിക്കുന്നതിന് സാധിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ബാങ്കിംഗ് എന്ന വിഷയം ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ വരുന്ന വിഷയമായതിനാൽ നാഷണലൈസ്ഡ് ബാങ്കുകളെ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയില്ല. |
| (ഡി) | പ്രസ്തുത കർഷകർക്ക് കൂടി സഹായം അനുവദിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ബാങ്കിംഗ് എന്ന വിഷയം ഭരണഘടനയുടെ യൂണിയൻ ലിസ്റ്റിൽ വരുന്ന വിഷയമായതിനാൽ നാഷണലൈസ്ഡ് ബാങ്കുകളെ കടാശ്വാസ കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ